(ബി) പാലം നിർമ്മാണത്തിനാവശ്യമായ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തി കരാർ ചെയ്ത് എപ്പോൾ പണി ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പഴുവിൽ പാലം നിർമ്മാണത്തിനായി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ തൃശ്ശൂർ മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കോടതി ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെട്ടിട നിർമ്മാണം

341 (1398) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവയിപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും കെട്ടിടങ്ങളുടെ നിർമ്മാണം മുടങ്ങിയിട്ടുണ്ടെങ്കിൽ അത് എത്ര കാലമായി മുടങ്ങിക്കിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) അവയുടെ നിർമ്മാണം ആരംഭിക്കുവാൻ കാലതാമസമെന്താണെന്ന് വിശദമാക്കാമോ;

(എഫ്) ഭരണാനുമതി ലഭിക്കുന്നതിലേക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശങ്ങളും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(സി) നിർമ്മാണ പ്രവൃത്തികളൊന്നും മുടങ്ങിക്കിടക്കുന്നില്ല.

(ഡി) ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം വന്നിട്ടില്ല.

(എഫ്) ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**മഞ്ചേരി പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പുതുക്കി പണിയുന്നതിന് നടപടി**

342 (1399) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പുതുക്കി പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലപ്പഴക്കം വന്ന് ജീർണ്ണിച്ചതും ചോർന്നൊലിക്കുന്നതുമായ ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി അറ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly